**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5474** **15-03-2023 - ൽ മറുപടിയ്ക്ക്**

**യാത്രക്കാരോട് മോശമായി പെരുമാറുന്ന കെ.എസ്.ആർ.ടി.സി. ജീവനക്കാർക്കെതിരെ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സനീഷ്കുമാർ ജോസഫ്,<br>ശ്രീ. സജീവ് ജോസഫ് | | ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കെ.എസ്.ആർ.ടി.സി. ബസുകളിൽ യാത്രക്കാരോട് മോശമായി പെരുമാറുന്ന ജീവനക്കാർക്കെതിരെ നടപടി സ്വീകരിക്കുന്നതിനുള്ള വ്യവസ്ഥകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | (എ) | കെ.എസ്.ആർ.ടി.സി. ജീവനക്കാർക്കെതിരെ യാത്രക്കാരിൽ നിന്നും പരാതികൾ ലഭിക്കുന്നപക്ഷം കെ.എസ്.ആർ.ടി.സി. പ്രസ്തുത പരാതികളിന്മേൽ അന്വേഷണം നടത്തുകയും, അന്വേഷണത്തിൽ കുറ്റക്കാരാണെന്ന് കണ്ടെത്തുന്ന ജീവനക്കാർക്ക് എതിരെ 1960-ലെ KCS(CC&A) ചട്ടങ്ങൾ പ്രകാരം അച്ചടക്ക നടപടികൾ ഉൾപ്പെടെയുള്ള കർശന നടപടികൾ സ്വീകരിക്കുകയും ചെയ്തു വരുന്നു. |
| (ബി) | മുൻ സർക്കാരിന്റെ കാലഘട്ടം മുതൽ നാളിതുവരെ ഇപ്രകാരം എത്ര ഉദ്യോഗസ്ഥർക്കെതിരെ കെ.എസ്.ആർ.ടി.സി. നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ; | (ബി) | മുൻ സർക്കാരിന്റെ കാലഘട്ടം മുതൽ നാളിതുവരെ ചുവടെ പറയുന്ന എണ്ണം ജീവനക്കാർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്.<br><br>ഡ്രൈവർ - 314<br><br>കണ്ടക്ടർ - 464<br><br>മിനിസ്റ്റീരിയൽ - 1 |
| (സി) | കെ.എസ്.ആർ.ടി.സി.-യിൽ ഡ്രൈവർ-കം-കണ്ടക്ടർ തസ്തികയിൽ നിയമനം നടത്തുന്നത് കൂടുതൽ പ്രയോജനകരമാണെന്ന് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; ഇത് സംബന്ധിച്ച് എന്തെങ്കിലും റിപ്പോർട്ട് കെ.എസ്.ആർ.ടി.സി. സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ? | (സി) | കെ.എസ്.ആർ.ടി.സി.യിൽ ഡ്രൈവർ-കം-കണ്ടക്ടർ എന്ന തസ്തിക നിലവിലില്ല. കെ.എസ്.ആർ.ടി.സി.യുടെ സർവ്വീസ് ഓപ്പറേഷൻ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി കണ്ടക്ടർ ലൈസൻസ് കൈവശം ഉള്ള ഡ്രൈവർ വിഭാഗം ജീവനക്കാരെ ഭരണപരമായ സൗകര്യാർത്ഥം കണ്ടക്ടർ ജോലി കൂടി ചെയ്യുന്നതിനായുള്ള അനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത തസ്തികയിൽ നിയമനം നടത്തുന്നതുമായ റിപ്പോർട്ട് സർക്കാരിൽ നൽകിയിട്ടില്ല.<br><br>കെ.എസ്.ആർ.ടി.സി.യുടെ ദീർഘദൂര സർവീസുകളിലും അന്തർ സംസ്ഥാന സർവീസുകളിലും സുരക്ഷിത യാത്ര പ്രദാനം ചെയ്യുന്നതിനായും സർവ്വോപരി അപകടക രഹിത യാത്ര ഉറപ്പുവരുത്തുന്നതിനും ഡ്രൈവർ കം കണ്ടക്ടർ |

| | | | |
|---|---|---|---|
| | | | തസ്തിക പ്രയോജനപ്രദമാണ്. നിലവിലെ സേവന വേതന കരാർ 2021ലെ വ്യവസ്ഥകൾ പ്രകാരം ഡ്രൈവർ കം കണ്ടക്ടർ തസ്തിക രൂപീകരിക്കുന്നതിനുള്ള വിഷയത്തിൽ നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ